**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 113** **22-06-2026-ൽ മറുപടിയ്ക്ക്**

**<u>നിലമ്പൂർ കോടതി സമുച്ചയത്തിലെ പുതിയ കെട്ടിടത്തിന്റെ നിർമ്മാണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ആര്യാടൻ ഷൗക്കത്ത് ശ്രീ. വി. ഡി. സതീശൻ (മുഖ്യമന്ത്രി)

**(എ)** നിലമ്പൂർ കോടതി സമുച്ചയത്തിൽ ആവശ്യത്തിനുള്ള സ്ഥലസൗകര്യം ഇല്ലാത്തതിനാൽ ജെ. എഫ്. സി. എം. കോടതിയും മുൻസിഫ് മജിസ്ട്രേറ്റ് കോടതിയും ഒട്ടനവധി കേസുകൾ തീർപ്പാക്കാൻ ഉണ്ടെങ്കിലും ആഴ്ചയിൽ മൂന്നു ദിവസം വീതം മാത്രമാണ് പ്രവർത്തിക്കുന്നതെന്നും സ്ഥലപരിമിതി മൂലം പോക്സോ കോടതി, കുടുംബ കോടതി (ക്യാമ്പ് സിറ്റിംഗ്) തുടങ്ങിയവ പ്രസ്തുത സമുച്ചയത്തിന് പുറത്താണ് പ്രവർത്തിക്കുന്നതെന്നും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**<u>മറുപടി:</u>** നിലമ്പൂർ മുൻസിഫ് മജിസ്ട്രേറ്റ് കോടതിയിൽ തിങ്കൾ മുതൽ ബുധൻ വരെയുള്ള ദിവസങ്ങളിൽ ക്രിമിനൽ കേസുകളും വ്യാഴം മുതൽ ശനി വരെയുള്ള ദിവസങ്ങളിൽ സിവിൽ കേസുകളും പരിഗണിച്ചു വരുന്നു. അടിയന്തിര സ്വഭാവമുള്ള കേസുകൾ (സിവിൽ/ക്രിമിനൽ) എല്ലാ സിറ്റിംഗ് ദിവസങ്ങളിലും പരിഗണിക്കുന്നുണ്ട്. ഫാസ്റ്റ് ട്രാക്ക് സ്പെഷ്യൽ കോടതി നിലമ്പൂർ നഗരസഭ വാടക ഈടാക്കാതെ സൗജന്യമായി നൽകിയ കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. മലപ്പുറം ഫാമിലി കോടതിയുടെ ക്യാമ്പ് സിറ്റിംഗ് നിലമ്പൂർ എം.എം.സി.യുടെ നിലവിലുള്ള കെട്ടിടത്തിന്റെ ഒന്നാം നിലയിലുള്ള ബാർ അസോസിയേഷൻ ഹാളിലാണ് നടന്നുവരുന്നത്.

**(ബി)** നിലമ്പൂർ കോടതി സമുച്ചയത്തിലെ പുതിയ കെട്ടിടത്തിന്റെ നിർമ്മാണത്തിനായി എന്തെങ്കിലും തുക വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ കെട്ടിട നിർമ്മാണം ആരംഭിക്കുവാൻ കാലതാമസം വരുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** നിലമ്പൂർ കോടതിസമുച്ചയ നിർമ്മാണത്തിനായി പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയ 1737.61 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് നിലവിൽ ഹൈക്കോടതിയുടെ പരിഗണനയിലാണ്. പ്രസ്തുത പ്രൊപ്പോസൽ ഭരണാനുമതിയ്ക്കായി സർക്കാരിൽ ലഭ്യമാക്കുന്ന മുറയ്ക്ക് പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**